**പതിനഞ്ചാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *21.** **05.12.2022 ൽ മറുപടിയ്ക്ക്**

**സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം**

ചോദ്യം

ശ്രീ. കെ. ബാബു (നെന്മാറ)
ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ
ശ്രീ. എച്ച്. സലാം
ശ്രീ. എ. രാജ

മറുപടി

ശ്രീ. ജി.ആർ. അനിൽ
(ഭക്ഷ്യവും പൊതുവിതരണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അരിവില ഉയർന്നുനിന്ന സാഹചര്യത്തിലും നെൽ കർഷകരെയും ഉപഭോക്താക്കളെയും ബുദ്ധിമുട്ടിലാക്കുന്ന തരത്തിൽ സ്വകാര്യ മില്ലുകൾ നെല്ല് സംഭരിക്കുന്നതിൽ നിന്നും വിട്ടുനിന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സർക്കാർ നടത്തിയ ശ്രമം അറിയിക്കാമോ; | (എ) | നെൽ കർഷകരേയും ഉപഭോക്താക്കളേയും ബുദ്ധിമുട്ടിലാക്കുന്ന തരത്തിൽ സ്വകാര്യ മില്ലുകൾ നെല്ല് സംഭരിക്കുന്നതിൽ നിന്നും വിട്ട് നിന്നിരുന്നു. എന്നാൽ മില്ലുകടമകളുടെ സംഘടനാ നേതാക്കളുമായി സർക്കാർ നടത്തിയ ചർച്ചയിൽ അവർ ഉന്നയിച്ച വിഷയങ്ങൾ ചർച്ച ചെയ്യുമെന്ന ഉറപ്പിന്മേൽ പ്രതിഷേധത്തിൽ നിന്നും പിന്മാറുകയുണ്ടായി. കഴിഞ്ഞ സീസണിൽ ഉള്ളതിനേക്കാൾ അധികം മില്ലുകൾ ഈ സീസണിൽ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നിലവിൽ 58 മില്ലുകൾ നെല്ല് സംഭരിക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ സീസണിൽ (2021-22) 56 മില്ലുകൾ മാത്രമാണ് കരാറിൽ ഏർപ്പെട്ട് നെല്ല് സംഭരണത്തിൽ പങ്കെടുത്തിരുന്നത്. |
| (ബി) | നെല്ല് സംഭരിക്കുന്നതിന്റെ വില വേഗത്തിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനായി ബാങ്ക് കൺസോർഷ്യം വഴി സർക്കാർ ഉറപ്പിൻമേൽ വായ്പ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. 22.09.2022ലെ G.O.(Ms)No.18/2022/F&CS നമ്പർ സർക്കാർ ഉത്തരവുപ്രകാരം സപ്ലൈകോയുടെ കടമെടുപ്പ് പരിധി 2500 കോടി രൂപയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിയ്ക്കുകയും സർക്കാർ ഉറപ്പിന്മേൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവർ ചേർന്നുള്ള കൺസോർഷ്യത്തിൽ |

| | | | |
|---|---|---|---|
| | | | നിന്നും 2500 കോടി രൂപ വർക്കിംഗ് ക്യാപ്പിറ്റൽ ലോണായി സപ്ലൈകോ എടുക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് സെപ്റ്റംബർ മാസം 28-ാം തീയതി സപ്ലൈകോ ബാങ്കുകളുമായി ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുള്ളതുമാണ്. |
| (സി) | മുൻവർഷങ്ങളെ അപേക്ഷിച്ച് സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം വർദ്ധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (സി) | 2019-20 നെല്ല് സംഭരണ സീസണിൽ കേരളത്തിൽ ആകെ 2,20,066 കർഷകരിൽ നിന്ന് 7,09,396.693 ടൺ നെല്ല് സംഭരിച്ചു. 2020-21 സീസണിൽ ഇത് വർദ്ധിച്ച് 2,52,160 കർഷകരിൽ നിന്നും 7,64,885.393 ടൺ നെല്ല് സംഭരിച്ചു. എന്നാൽ 2021-22 സീസണിൽ കർഷകരുടെ എണ്ണം വർദ്ധിച്ചെങ്കിലും നെല്ല് സംഭരണത്തിൽ കുറവ് നേരിട്ടു. 2021-22 സീസണിൽ 2,54,072 കർഷകരിൽ നിന്നും 7,48,403.193 ടൺ നെല്ല് സംഭരിച്ചു. |

Haritha

**സെക്ഷൻ ഓഫീസർ**